പ്പെട്ട വിദ്യാർത്ഥികളെ രക്ഷിക്കുവാൻ വിദ്യാഭ്യാസവകുപ്പുമന്ത്രി മുൻകൈയെടുത്ത് ഈ രണ്ടു കൂട്ടരേയും കൂടി വിളിച്ച് യൂണിവേഴ്സിറ്റിയുടെ അന്തസ്സിനെ ചോദ്യം ചെയ്യുന്ന നടപടി മാനേജ്മെൻറിൽനിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തുക, മാനേജ്മെൻറിനെ ഡിസ്ക്രെഡിറ്റ് ചെയ്യാൻ നടപടി ഉണ്ടെന്ന് അവർക്ക് തോന്നിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുക, അങ്ങനെ, വിദ്യാഭ്യാസവകുപ്പുമന്ത്രി മദ്ധ്യസ്ഥനായി പ്രവർത്തിച്ച് ആ വിദ്യാർത്ഥികളുടെ റിസൾട്ട് പബ്ലിഷ് ചെയ്യാനുള്ള നടപടി ഉണ്ടാകുമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, യൂണിവേഴ്സിറ്റി നിയമം 23-ാം വകുപ്പനുസരിച്ച് പരീക്ഷ നടത്തുന്നതും ഫല പ്രഖ്യാപനം നടത്തുന്നതും സിൻഡിക്കേറ്റാണ്. അതനുസരിച്ച് കഴിഞ്ഞ 18-10-1986-ൽ ബി. എഡിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടുണ്ട്. പക്ഷേ അദ്ദേഹം ഇവിടെ സൂചിപ്പിച്ചപ്പോലെ ഈ കോളേജിൽ ഉണ്ടായ ചില പ്രശ്നങ്ങളെ തുടർന്ന് അവിടത്തെ റിസൾട്ട് വിത്ത്ഹെൽഡ് ചെയ്യാൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാനമെടുത്തു. അതുവഴി കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അതിനിടയിൽ മാനേജ്മെൻറ് യൂണിവേഴ്സിറ്റിയുടെ ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും ചെയ്തു. അതിനുശേഷം കഴിഞ്ഞ 28-6-1985-ൽ കൂടിയ സിൻഡിക്കേറ്റ് പ്രൊവിഷണലായിട്ട് വെരിഫിക്കേഷനൊക്കെ നടത്താനും കുട്ടികളെ അഡ്മിറ്റ് ചെയ്യാനും ഉള്ള തീരുമാനമെടുത്തു. ഇപ്പോൾ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നത് ഈ ഒ.പി യിൻമേൽ ഡിസിഷൻ ഉണ്ടാകുന്നതുവരെ അതിൻമേൽ നടപടിയെടുക്കേണ്ട എന്നാണ്. എന്തായാലും ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനുശേഷം ഗവൺമെൻറ് തന്നെ വൈസ്ചാൻസലറോട് ആവശ്യപ്പെട്ടതനുസരിച്ച് ഇന്ന് ഒരു ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. ഇന്നത്തെ ചർച്ചയിൽ ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. എന്താണെങ്കിലും മാനേജ്മെൻറും യൂണിവേഴ്സിറ്റിയും തമ്മിലുള്ള തർക്കത്തിൽ ഈ കുട്ടികൾ ബലിയാടാകരുതെന്നുള്ള ആഗ്രഹം ഗവൺമെൻറിനുണ്ട്. അതുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുകയാണ്.

(9) ആലത്തൂർ താലൂക്കിൽപ്പെട്ട മൂന്നു വില്ലേജുകളിലെ ഭൂമിയുടെ വിൽപ്പന തടഞ്ഞുവയ്ക്കൽ നടപടി

ശ്രീ. സി. ടി. കൃഷ്ണൻ : സർ, പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽപ്പെട്ട കിഴക്കാഞ്ചേരി, വണ്ടാഴി, മംഗലംഡാം വില്ലേജുകളിലെ ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ വിൽപന തടഞ്ഞുവച്ചിരിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിൽ പെടുന്നതാണ് ഈ മൂന്നു വില്ലേജുകളും. കിഴക്കാഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 1/1എ, മംഗലം ഡാം വില്ലേജിലെ സർവ്വേ നമ്പർ 518/1സി/1എ, വണ്ടാഴി പഞ്ചായത്തിലെ സർവ്വേനമ്പർ 563/3 എന്നീ നമ്പരുകളിൽപ്പെട്ട ഭൂമിയാണ്. തീറാധാരം ചെയ്യാൻ പാടില്ലെന്നു പറഞ്ഞ് തടഞ്ഞുവച്ചിരിക്കുന്നത്. സ്വന്തം ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കടമെടുക്കാനോ യാതൊരു നിവർത്തിയുമില്ലാതെ കൃഷിക്കാർ ബുദ്ധിമുട്ടുകയാണ്. സർ, ഒരു സോഴ്വൻസി സർട്ടിഫിക്കറുപോലും വില്ലേജ് ഓഫീസിൽ പോയാൽ ഇവർക്ക് കൊടുക്കാറില്ല. മംഗലം ഡാം കടപ്പാറയിലെ റോസാകുരുവിള എന്ന ഒരാളുടെ മുപ്പത്തിമൂന്നര ഏക്കർ മിച്ചഭൂമി ഏറ്റെടുത്ത് പാവപ്പെട്ട ആളുകൾക്ക് പതിച്ചു കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അവർക്കു പട്ടയം കൊടുത്തതല്ലാതെ ഇന്നേവരെ ഭൂമി അളന്നു തിരിച്ചു കൊടുത്തില്ല. ആ ഭൂമി അളന്നുതിരിച്ചു കൊടുക്കാത്തതുകൊണ്ട് ഭൂമി വേറെ ആർക്കുടെയോ കൈവശമാണ്. അതിന്റെ പ്രത്യേക റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണു നടപടിയെങ്കിൽ വിരോധമില്ല. മിച്ചഭൂമി തിരിമറി ചെയ്തു അഴിമതി നടന്നിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കണം, കേസ് എടുക്കണം അവരുടെ ഭൂമി തടഞ്ഞു വയ്ക്കുന്നതുകൊണ്ട് വിരോധവുമില്ല. മൂന്നു വില്ലേജുകളിലും കൂടി ഇരുപത്തയ്യായിരത്തോളം ഏക്കർ ഭൂമിയുള്ളതിൽ ഒരു സെന്റ പോലും ഒരാൾക്കും വില്ക്കാനോ കൈമാറാനോ ആധാരം ചെയ്യാനോ പാടില്ലെന്ന നടപടി ആ പ്രദേശത്തെ കൃഷിക്കാരെ അങ്ങേയറ്റം ബുദ്ധിമുട്ടിക്കുകയാണ്. സംയുക്തമായി അവിടത്തെ കൃഷിക്കാർ വില്ലേജ് ഓഫീസിൽ സമരം സംഘടിപ്പിച്ചിരിക്കുകയാണ്. ഈ നടപടി അടിയന്തിരമായി ബഹു. റവന്യൂ മന്ത്രി-ശ്രദ്ധിക്കണം. അതുകൊണ്ട് തിരിമറി ചെയ്യാത്ത യഥാർത്ഥ കൈവശക്കാരുടെ യഥാർത്ഥ ഭൂമിയുടെ ആളുകളെ അവ വിൽക്കാനും, പണയപ്പെടുത്താനും അനുവദിക്കണം. സോഫ്റ്റ്വെൻസി സർട്ടിഫിക്കറ് കൊടുക്കാനും അടിയന്തിരമായി. നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അവിടത്തെ വില്പന തടഞ്ഞു വയ്ക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മിച്ചഭൂമി വിതരണവുമായി ബന്ധപ്പെട്ട് യാതൊരു നിർദ്ദേശവും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് കൊടുത്തിട്ടില്ല. വനഭൂമിയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽനിന്ന് എന്തോ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്നാണ് തോന്നുന്നത്. അതിന്റെ വിശദാംശങ്ങൾ പാലക്കാട് ജില്ലയിൽനിന്ന് ഇപ്പോൾ കളക്ട് ചെയ്യുകയാണ്. ടെലഫോൺ ബന്ധമില്ലാത്തതുകൊണ്ട് അതു സാധിച്ചില്ല. ഇക്കാര്യത്തെ സംബന്ധിച്ച് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ആലോചിക്കുന്നതാണ്.

(10) ഏറിയാട് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വി. കെ. രാജൻ : സർ, ഏറിയാട് പഞ്ചായത്തിൽ ശുദ്ധജല വിതരണം താറുമാറായി കഴിഞ്ഞിരിക്കുന്നു. കൊടുങ്ങല്ലൂർ ശുദ്ജല വിതരണ പദ്ധതിയിൽനിന്നും വെള്ളം നൽകാമെന്ന് മുൻ ഇറിഗേഷൻ വകുപ്പുമന്ത്രി സമ്മതിച്ചിരുന്നതാണ്. ഈ വെള്ളം മാളയിൽ കൊടുക്കുന്നതുകൊണ്ട് കടലോര പ്രദേശമായ ഏറിയാടു പഞ്ചായത്തിലെ ജനങ്ങൾക്ക് വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നു. നിലവിലുള്ള കുഴൽക്കിണറിന്റെ ഫിൽറ്റർ തകർന്നതുമൂലം ഏഴു മാസം മുമ്പു വിതരണം ചെയ്തിരുന്ന വെള്ളം ഇപ്പോൾ ലഭ്യമാകുന്നില്ല. ചേർമാൻ മൈതാനിയൽ ടാങ്കിന്റെ പണി നടക്കുന്നുണ്ടെങ്കിലും അതിന്റെ നിർമ്മാണം എന്നു പൂർത്തീരുമെന്ന് തീരെ ഉറപ്പില്ല. ഇത്രയേറെ ശുദ്ധജല വിതരണത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രദേശം കേരളത്തിൽ വിരളമാണ്. നിരവധി സ്ഥലങ്ങളിൽ ഇനിയും പൈപ്പുകൾ ഇടാനുണ്ട്. ഇരിങ്ങാലക്കുട പദ്ധതി വികസിപ്പിക്കാൻ തയ്യാറായാൽ വെള്ളാംഗ്ലൂർ പഞ്ചായത്തിന് ആ പദ്ധതിയിൽനിന്നു വെള്ളം കൊടുക്കുവാനും മാള പഞ്ചായത്തിന് വെള്ളാംഗ്ലൂർ പഞ്ചായത്തിന് കൊടുക്കേണ്ട വെള്ളം പകരം ഏറിയാട് പഞ്ചായത്തിന് നൽകാനുമുള്ള നടപടി സ്വീകരിച്ചാൽ അതിന് ഒരു പരിഹാരമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly